


# ഉഴുവ പുതിയകാവ് ദേവങ്കൽ ദേവസ്വം


Reg. No. 1500/1951, പട്ടണക്കാട് പി.ഒ, ചേർത്തല
updduzhuva@gmail.com
ഫോൺ. 9074059804, 9287596894


ഭക്തജനങ്ങളെ,

ചേർത്തല താലൂക്കിൽ ഉഴുവ പുതിയകാവ് ദേവങ്കൽ ദേവസ്വം വക പുണ്യപുരാതന മായ ക്ഷേത്രസമുച്ചയത്തിൽ ഉൾപ്പെടുന്ന മാതൃരൂപിണിയായ പുതിയകാവിലമ്മയുടെയും, കലിയുഗവരദനായ അയ്യൻകോവിൽ ശ്രീധർമ്മ ശാസ്താവിന്റെയും ക്ഷേത്രങ്ങൾക്കൊപ്പം സർവ്വലോകൈകനാഥനായ ശ്രീമഹാവിഷ്ണു പൂർണ്ണകലകളോടെ സർവ്വാനുഗ്രഹദായക നായി വാണരുളുന്ന ദേവങ്കൽ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠ, പ്രതിഷ്ഠോത്സവം എന്നിവയ്ക്കുശേഷം വരുന്ന പ്രഥമ തിരുവുത്സവം 2026 ആഗസ്റ്റ് 31 (1202 ചിങ്ങം 15) ന് കൊടികയറി സെപ്റ്റംബർ 7 (1202 ചിങ്ങം 22) ന് തിരു ആറാട്ടോടെ സമാപിക്കുന്നതാണ്.

ക്ഷേത്രത്തിനും, ക്ഷേത്ര വിശ്വാസികൾക്കും, ദേശത്തിനു തന്നെയും ഐശ്വര്യത്തിനും അഭിവൃദ്ധിക്കും നിതാനമാകുന്ന തിരുവുത്സവത്തിന്റെ ദർശനസായൂജ്യംനൽകുന്ന ഉത്സവബലിയും ഭഗവാന്റെ തിരുനാളിൽ അഷ്ടമിരോഹിണി മഹോത്സവത്തോടും ഭഗവാന്റെ ഇഷ്ടവഴിപാടായ കൃഷ്ണനാട്ടം സമർപ്പണത്തോടും തിരു ആറാട്ടോടുംകൂടി ഭക്തിയിൽ വിശ്വാസമർപ്പിച്ചും ആചാരലോപമില്ലാത്ത ചടങ്ങുകളോടും ക്ഷേത്ര കലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും നടത്തപ്പെടുന്ന തിരു ഉത്സവത്തിന് ഭക്തജനങ്ങളുടെ സാന്നിദ്ധ്യ സഹായ സഹകരണം ഭഗവത്നാമത്തിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

കരനാഥനായ ദേവങ്കൽ ശ്രീ മഹാവിഷ്ണുവിന്റെ അനുഗ്രഹാശിസുകൾക്കായി പ്രാർത്ഥിച്ചുകൊണ്ട്,

വിധേയർ

സെക്രട്ടറി ഉഴുവ പുതിയകാവ് ദേവങ്കൽ ദേവസ്വം

സെക്രട്ടറി ഉഴുവ കിഴക്ക് എൻ.എസ്.എസ് കരയോഗം നമ്പർ 2506

സെക്രട്ടറി ഉഴുവ പടിഞ്ഞാറ് എൻ.എസ്.എസ്. കരയോഗം നമ്പർ 2504